അന്നന്നത്തെ വിശപ്പകറ്റാൻ, പരസ്പരം
ഘോരഘോരം കലഹിച്ചിരുന്ന ഗുഹാ മനുഷ്യർ,
ഇന്ന് ദേശ രാഷ്ട്രങ്ങൾ ഉണ്ടാക്കി നാഗരികരായത്രെ!
വിഭവങ്ങൾക്കും ഇണകൾക്കും വേണ്ടി,
അന്യോന്യം കുത്തി മലർത്തിയ ഗോത്ര മനുഷ്യർ,
ഇന്ന് കുടുംബം എന്ന സ്ഥാപനമുണ്ടാക്കി ആധുനികരായത്രെ!
കാട്ടു കിഴങ്ങുകളും കാട്ടു മൃഗങ്ങളും,
ഭക്ഷണമാക്കിയിരുന്ന ആദിമ മനുഷ്യർ,
ഇന്ന് ശുദ്ധികലശം നടത്തി,
"പ്യുർ" സസ്യാഹാരികളായത്രെ!
സ്ത്രീകളെയും കുട്ടികളെയും
വിൽപന നടത്തിയിരുന്ന പ്രാകൃത മനുഷ്യർ,
ഇന്ന് ഉത്തരാധുനിക ഖണ്ഡകാവ്യങ്ങൾ ചമക്കുകയാണത്രെ!
ഒരു തരി മണ്ണ് പോലും സ്വന്തമായില്ലാതെ,
ഇന്നും ജീവിക്കുന്ന പരശ്ശതം മനുഷ്യർ,
ഇന്ന് മണ്ണിൽ വിശ്വാസങ്ങളും ദൈവങ്ങളും,
തമ്മിൽ തല്ലുന്ന ജനായത്ത രാഷ്ട്രമുണ്ടാക്കിയത്രെ!
പണ്ട് രാജാവിന്റെ കയ്യൂക്കിന് കീഴിൽ,
നരകിച്ചു ജീവിച്ച മനുഷ്യരോട് നീതി ഏതോ,
വാനലോക ജീവികൾ കൊണ്ട് വരുമെന്ന് പണ്ടിതർ പറയുന്നുവത്രെ,
സ്വപ്ന നീതിക്ക് വേണ്ടി പരസ്പരം കുത്തിക്കീറുന്ന മനുഷ്യർ,
നീതിയെതും കൊണ്ട് വരില്ല ഹേ നിങ്ങൾക്കാരും,
ഏതൊക്കെയോ ഇസങ്ങളുടെ ആളുകൾ നീതിയെത്തിക്കുമാത്രെ!
മനുഷ്യനെ മറ്റെന്തിന്റെയും മീതെ പ്രതിഷ്ഠിക്കുവോളം,
നീതി അപ്രാപ്യമാത്രെ!
ഹേ മാനുഷ, മാർഗ്ഗം വിഡ്ഢിത്തം വെടിഞ്ഞു മസ്തിഷ്കക്കം
ഉപയോഗിക്കുകയത്രെ!